## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.136 | | 31.01.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| കേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.കെ.എം.ഷാജി<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.ടി.വി.ഇബ്രാഹിം | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിനായി കേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി പ്രധാന നഗരങ്ങളിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ കാര്യക്ഷമവും ശാസ്ത്രീയവുമായ ഖരമാലിന്യ സംസ്കരണത്തിന് ഏറ്റവും ആധുനികമായ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള വേസ്റ്റ് ടു എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് |
| (ബി) | ഇതിനായി ഏതെങ്കിലും സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ടോ; | (ബി) | മാലിന്യ സംസ്കരണ മേഖലയിൽ നിക്ഷേപ പദ്ധതികൾ നടപ്പിലാക്കുന്നതിന് അർബൻ സോളിഡ് വേസ്റ്റ് മാനേജ് മെന്റ് ഇനിഷ്യേറ്റീവിനു സർക്കാർ രൂപം നൽകുകയും, മാലിന്യ സംസ്കരണ മേഖലയിൽ സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുന്ന നിക്ഷേപ പദ്ധതികളുടെ വിശദാംശങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി 23-09-2017-ലെ സ.ഉ(സാധാ)നം.3122/2017/തസ്വഭവ പ്രകാരം ചീഫ് സെക്രട്ടറി അധ്യക്ഷനായും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി ഒരു സംസ്ഥാന തല ഉപദേശക സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ 30.11.2017 ൽ ചേർന്ന യോഗത്തിൽ ഡൽഹി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന M/s IRG Systems- South Asia Pvt Ltd എന്ന സ്ഥാപനത്തെ മാലിന്യ സംസ്കരണ മേഖലയിലെ നിക്ഷേപ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കൺസൾട്ടന്റായി നിയമിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | വിവിധങ്ങളായ പകർച്ചവ്യാധികളും മറ്റും വർദ്ധിച്ചുവരുന്ന | (സി) | വിവിധങ്ങളായ പകർച്ചവ്യാധികളും മറ്റും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മാലിന്യ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുള്ള വിവിധ |

| | | | |
|---|---|---|---|
| | സാഹചര്യത്തിൽ എത്രയും വേഗം മാലിന്യപ്രശ്നത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ? | | നടപടികൾ സംസ്ഥാനത്ത് സ്വീകരിച്ചുവരുന്നുണ്ട്. ഹരിതകേരളം മിഷന്റെ ശുചിത്വ മാലിന്യ ഉപമിഷനിലൂടെ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതോടൊപ്പം വലിയ നഗര പ്രദേശങ്ങളിൽ പരിമിതമായ സ്ഥല സൗകര്യം പ്രയോജനപ്പെടുത്തി നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിപ്പിക്കുന്ന കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ അർബൻ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഇനിഷ്യേറ്റിവിനു കീഴിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായി "ആരോഗ്യ ജാഗ്രത" എന്ന് പേരിൽ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ 2018 ജനുവരി മാസം മുതൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ